**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 146** **27-06-2022 - ൽ മറുപടിയ്ക്ക്**

**ത്രോംബോളിറ്റിക് ഇൻജക്ഷൻ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ത്രോംബോളിറ്റിക് ഇൻജക്ഷൻ നല്കാൻ സൗകര്യം നിലവിലുള്ളതെന്ന് അറിയിക്കാമോ ; | (എ) | ത്രോംബോലിസിസ് ചികിത്സ ഹൃദയാഘാതത്തിനും പക്ഷാഘാതത്തിനും നൽകി വരുന്ന അതിനൂതന ചികിത്സാരീതിയാണ്. പക്ഷാഘാത ചികിത്സയുടെ ഭാഗമായി സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച 'ശിരസ്സ്' പദ്ധതിയിലുൾപ്പെടുത്തി ഓരോ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ പക്ഷാഘാതത്തിനുള്ള ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക സാങ്കേതികത്വം നിറഞ്ഞ ഈ<br><br>ചികിത്സാ രീതി മെഡിക്കൽ കോളേജുകളിലും കോർപ്പറേറ്റ് ആശുപത്രികളിലും മാത്രം ലഭിയ്ക്കുന്ന ഒന്നാണ്. ഇന്ത്യയിലാദ്യമായി നമ്മുടെ സംസ്ഥാനത്തിലാണ് ജില്ലാ ആശുപത്രികളിൽ ത്രോംബോംലിസിസ് ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചത്. ഇതിനായി ടെലി റേഡിയോളജി സംവിധാനം ഒരുക്കുകയും ഡോക്ടർമാർക്ക് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ത്രോംബോലിസിസിനായി ആവശ്യമുള്ള ടിഷ്യു പ്ലാസ്മിനോജൻ ആക്റ്റിവേറ്റർ(TPA) എന്ന ഇൻജക്ഷൻ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുകയും ആശുപത്രികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ **താലൂക്കാശുപത്രിയിലാണ് ഈ ഇൻജക്ഷൻ നൽകാൻ സൗകര്യമുള്ളത്.** |
| (ബി) | സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ഇതിനുള്ള സൗകര്യം ലഭ്യമാക്കുമോ; | (ബി) | പക്ഷാഘാതത്തിനുള്ള ത്രോംബോലിസിസ് ചികിത്സ നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ ഇതു വരെ ആരംഭിച്ചിട്ടില്ല. സ്ട്രോക്ക് യൂണിറ്റ് പ്രാവർത്തികമാക്കുവാൻ 24 മണിക്കൂർ പ്രവർത്തിക്കുന്ന സി.റ്റി സ്കാൻ സംവിധാനവും സ്ട്രോക്ക് ഐ.സി.യു-വും പക്ഷാഘാതം |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പരിശീലനം ലഭിച്ച ജീവനക്കാരുടെ സാന്നിദ്ധ്യവും അത്യന്താപേക്ഷിതമാണ്. കൂടാതെ ഏറെ വിലകൂടിയ TPA ഇൻജക്ഷൻ വളരെ ശ്രദ്ധാപൂർവം കൊടുക്കേണ്ട ഒന്നാണ്. 24 മണിക്കൂർ നിരീക്ഷണ സൗകര്യമുള്ള ആശുപത്രികളിൽ മാത്രമേ ഈ കുത്തിവെയ്പ്പ് നൽകുവാൻ സാധിക്കുകയുള്ളൂ. അത് കൊണ്ട് തന്നെ എല്ലാ താലൂക്കാശുപത്രികളിലും ത്രോമ്പോലൈസിസ് ചികിത്സ നൽകുന്നത് സാങ്കേതികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. |
| (സി) | നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ ഈ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | പക്ഷാഘാതത്തിനുള്ള ത്രോംബോലിസിസ് ചികിത്സ നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ ഇതു വരെ ആരംഭിച്ചിട്ടില്ല. സ്ട്രോക്ക് യൂണിറ്റ് പ്രാവർത്തികമാക്കുവാൻ 24 മണിക്കൂർ പ്രവർത്തിക്കുന്ന സി.റ്റി സ്കാൻ സംവിധാനവും സ്ട്രോക്ക് ഐ.സി.യു-വും പക്ഷാഘാതം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പരിശീലനം ലഭിച്ച ജീവനക്കാരുടെ സാന്നിദ്ധ്യവും അത്യന്താപേക്ഷിതമാണ്. കൂടാതെ ഏറെ വിലകൂടിയ TPA ഇൻജക്ഷൻ വളരെ ശ്രദ്ധാപൂർവം കൊടുക്കേണ്ട ഒന്നാണ്. 24 മണിക്കൂർ നിരീക്ഷണ സൗകര്യമുള്ള ആശുപത്രികളിൽ മാത്രമേ ഈ കുത്തിവെയ്പ്പ് നൽകുവാൻ സാധിക്കുകയുള്ളൂ. അത് കൊണ്ട് തന്നെ എല്ലാ താലൂക്കാശുപത്രികളിലും ത്രോമ്പോലൈസിസ് ചികിത്സ നൽകുന്നത് സാങ്കേതികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 146          27.06.2022 ൽ മറുപടിക്ക്

## ത്രോംബോളിറ്റിക് ഇൻജക്ഷൻ സൗകര്യം

| ചോദ്യം<br>ശ്രീ. എം. എം. മണി | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിൽ ഏതൊക്കെ സർക്കാർ ആശുപത്രികളിലാണ് ത്രോംബോളിറ്റിക് ഇൻജക്ഷൻ നല്കാൻ സൗകര്യം നിലവിലുള്ളതെന്ന് അറിയിക്കാമോ ; | (എ) | ത്രോംബോലിസിസ് ചികിത്സ ഹൃദയാഘാതത്തിനും പക്ഷാഘാതത്തിനും നൽകി വരുന്ന അതിനൂതന ചികിത്സാരീതിയാണ്. പക്ഷാഘാത ചികിത്സയുടെ ഭാഗമായി സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച 'ശിരസ്സ്' പദ്ധതിയിലുൾപ്പെടുത്തി ഓരോ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ പക്ഷാഘാതത്തിനുള്ള ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക സാങ്കേതികത്വം നിറഞ്ഞ ഈ ചികിത്സാ രീതി മെഡിക്കൽ കോളേജുകളിലും കോർപ്പറേറ്റ് ആശുപത്രികളിലും മാത്രം ലഭിയ്ക്കുന്ന ഒന്നാണ്. ഇന്ത്യയിലാദ്യമായി നമ്മുടെ സംസ്ഥാനത്തിലാണ് ജില്ലാ ആശുപത്രികളിൽ ത്രോംബോലിസിസ് ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചത്. ഇതിനായി ടെലി റേഡിയോളജി സംവിധാനം ഒരുക്കുകയും ഡോക്ടർമാർക്ക് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ത്രോംബോലിസിസിനായി ആവശ്യമുള്ള ടിഷ്യു പ്ലാസ്മിനോജൻ ആക്റ്റിവേറ്റർ(TPA) എന്ന ഇൻജക്ഷൻ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുകയും ആശുപത്രികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കാശുപത്രിയിലാണ് ഈ ഇൻജക്ഷൻ നൽകാൻ സൗകര്യമുള്ളത്. |
| (ബി) | സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ഇതിനുള്ള സൗകര്യം ലഭ്യമാക്കുമോ; | (ബി)<br>&<br>(സി) | പക്ഷാഘാതത്തിനുള്ള ത്രോംബോലിസിസ് ചികിത്സ നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ ഇതു വരെ ആരംഭിച്ചിട്ടില്ല. സ്ട്രോക്ക് യൂണിറ്റ് പ്രാവർത്തികമാക്കുവാൻ 24 മണിക്കൂർ പ്രവർത്തിക്കുന്ന സി.റ്റി സ്കാൻ സംവിധാനവും സ്ട്രോക്ക് ഐ.സി.യു-വും പക്ഷാഘാതം |
| (സി) | നെടുംകണ്ടം താലൂക്ക് ആശുപത്രിയിൽ ഈ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | ഇല്ലെങ്കിൽ ആയതിന് വേണ്ട നടപടി സ്വീകരിക്കുമോ? | | കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള പരിശീലനം ലഭിച്ച ജീവനക്കാരുടെ സാന്നിദ്ധ്യവും അത്യന്താപേക്ഷിതമാണ്. കൂടാതെ ഏറെ വിലകൂടിയ TPA ഇൻജക്ഷൻ വളരെ ശ്രദ്ധാപൂർവം കൊടുക്കേണ്ട ഒന്നാണ്. 24 മണിക്കൂർ നിരീക്ഷണ സൗകര്യമുള്ള ആശുപത്രികളിൽ മാത്രമേ ഈ കുത്തിവെയ്പ്പ് നൽകുവാൻ സാധിക്കുകയുള്ളൂ. അത് കൊണ്ട് തന്നെ എല്ലാ താലൂക്കാശുപത്രികളിലും ത്രോമ്പോലൈസിസ് ചികിത്സ നൽകുന്നത് സാങ്കേതികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. |

Hari

സെക്ഷൻ ഓഫീസർ